# വിദ്യാലയങ്ങളിൽ നിന്ന് താലപ്പൊലി വിടചൊല്ലുമ്പോൾ

ഇടപെടൽ

കെ.ഇ.എൻ

ആയിരത്തിതൊള്ളായിരത്തി മുപ്പതുകൾ മുതൽ കേരളീയ നവോത്ഥാനം ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരാശയം, രണ്ടായിരത്തിൽ, കൊട്ടുംകുരവയുമില്ലാതെ, വരണ്ട ഒരു സർക്കാര് ഉത്തരവിലൂടെ സ്കൂള് കുട്ടികൾക്കിടയിലെങ്കിലും അവസാനിച്ചിരിക്കുന്നു! റീത്ത് സമർപ്പിക്കാന് ആരും 'ക്യൂ' നിൽക്കുന്നതു കണ്ടില്ല. ഔപചാരിക അനുശോചന സമ്മേളനംപോലും നടന്നതായി അറിയില്ല. നിലവിളികളില്ലാതെ, ഒരു മരണാനന്തര ചടങ്ങുപോലുമില്ലാതെ, 'താലപ്പൊലി' സ്കൂളുകളില് നിർവഹിച്ചിരുന്ന, ദീർഘമായ സേവനം ഔദ്യോഗികമായി ഇതോടെ അവസാനിപ്പിച്ചിരിക്കുന്നു. ഇനിമുതൽ സ്കൂളുകൾക്ക്, വരാനിരിക്കുന്ന ഏതോ വിശിഷ്ടാതിഥികളെ കാത്ത്, താലവുമെടുത്തു പകൽ വിളക്കും കത്തിച്ച്, തലകുനിച്ചിരിക്കേണ്ടി വരില്ല.

ഒരാശയം പോലെയല്ല ഒരാചാരം. ആശയങ്ങൾക്ക് അനിവാര്യമായാൽ ചുറ്റിക്കറങ്ങാൻ ചിറകുകളുണ്ട്. അതിനു വേണമെങ്കിൽ മുമ്പേ പറക്കുന്ന ഒരു പക്ഷിയാകാനും കഴിയും. പുതിയ ലോകത്തെ അഭിവാദ്യം ചെയ്യുംവിധം അതിനു കൈകളുയർത്താനും കഴിയും.

എന്നാൽ, ഒരാചാരം നിശ്ചലമായിക്കഴിഞ്ഞ ഒരാശയത്തിന്റെ തീർത്തും ഔപചാരികമായി മാറിക്കഴിഞ്ഞ ഒരാവിഷ്കാരമാണ്. ഒരാരംഭമെന്ന നിലയിലെ പരിമിതമായ പ്രസക്തിക്കപ്പുറം അതിനൊരു മൂല്യവുമില്ല. സ്വാഗതപ്രസംഗവും നന്ദിപ്രകടനവുമില്ലാത്തതുകൊണ്ടു മാത്രം ഒരു സാംസ്കാരിക സമ്മേളനവും നിന്നുപോകാത്തതുപോലെ ആചാരങ്ങളില്ലാത്തതുകൊണ്ടുമാത്രം ഒരു ജീവിതവും അവസാനിച്ചുപോവുകയില്ല. സർവ ആചാരങ്ങൾക്കും മുകളിലാണു ജീവിതമെന്നതു മറക്കുമ്പോഴാണു ജീവിതമാകെ ആചാരങ്ങൾക്കടിമപ്പെട്ടു ജീർണിക്കാനാരംഭിക്കുന്നത്. ആചാരങ്ങൾക്കു വേണ്ടിയല്ല ജീവിതമെന്നു ജനാധിപത്യവാദികൾ ആവർത്തിക്കുന്നത്, പെരുകുന്ന വർത്തമാനകാല ആചാരകമ്പത്തിന്നെതിരായ ഒരു പ്രതിഷേധമെന്ന നിലയിൽ മാത്രമല്ല, മറിച്ച് അനിവാര്യമെന്നു കരുതുന്ന ആചാരങ്ങളെപ്പോലും അഴിച്ചു പരിശോധിക്കേണ്ടതുണ്ടെന്ന, സാംസ്കാരിക സമീപനത്തിന്റെ ഭാഗമായാണ്.

പരിചയപ്പെടലിന്റെ പ്രാഥമികതലങ്ങളിലാണ്, ഔപചാരികത പ്രസക്തമാകുന്നത്. അതിനപ്പുറമുള്ള അഗാധബന്ധങ്ങളിൽ കാലുകുത്താനുള്ളൊരു ഇടം അതിനൊരിക്കലും കിട്ടുകയില്ല. അതുകൊണ്ടാണ് ഔപചാരികമായി ആരംഭിക്കുമ്പോഴും ഔപചാരികതകളൊക്കെയും ഒലിച്ചുപോകുന്ന ഒരു കാലത്തെ കിനാവ് കാണാൻ മനുഷ്യർക്കൊക്കെയും കഴിയുന്നത്.

പറഞ്ഞുവന്നത്, അത്ര മഹത്തരമൊന്നുമല്ലെങ്കിലും ആചാരങ്ങൾക്കു പരിമിതമായ മൂല്യമുണ്ടെന്നാണ്. എന്നാൽ, ഈയൊരാനുകൂല്യം അനാചാരങ്ങൾക്ക് ഒരു കാരണവശാലും നൽകാന് കഴിയില്ല. 'ആചാരപരിഷ്കരണം' എന്ന ജനാധിപത്യത്തിന്റെ കാര്യപരിപാടിയിലെ മുഖ്യയിനം, അതുകൊണ്ടാണ് ഇന്ന് അനാചാരങ്ങൾ അവസാനിപ്പിക്കുന്നതിൽ കേന്ദ്രീകരിച്ചിരിക്കുന്നത്. പഴയ ശീലങ്ങളിൽ ജീവിതസത്യങ്ങള് ശാശ്വതമായി നിലനിൽക്കുന്നു എന്ന മിഥ്യാധാരണകൾ ഉപേക്ഷിക്കാനുള്ള വിവേകമാണ് ആചാരപ്രിയരിൽനിന്ന് ആധുനികകാലം ആവശ്യപ്പെടുന്നത്.

ഒരാചാരം ഒരു ജനവിഭാഗത്തിന്റെ സ്വാതന്ത്ര്യത്തിന്റെ നിഷേധമായിത്തീരുമ്പോൾ, അതൊരനാചാരമായി മാറിക്കഴിഞ്ഞു എന്നു മനസിലാക്കാനുള്ള വിനയമാണ് ഇന്നു നമുക്കുണ്ടാവേണ്ടത്. സാമൂഹ്യമാറ്റത്തിനനുസരിച്ചു സ്വയം മാറാൻ വിസമ്മതിക്കുന്ന ആചാരം തന്നെയാണ്, അനാചാരമായി മാറുന്നത്. മുമ്പ്, വൈദ്യുതി വരുന്നതിനും മുമ്പു വീടുകളിൽ കോളിംഗ്ബെല് സമ്പ്രദായം രൂപംകൊള്ളുന്നതിനും മുമ്പു മലയാളികളിലധികവും ഒരു വീട്ടിലെത്തിയ വിവരം അറിയിക്കാൻ ഒന്നു പതുക്കെ ചുമയ്ക്കുകയായിരുന്നു പതിവ്! എന്നാലിന്ന്, ചുമയ്ക്കാന് തൊണ്ട ശരിയാക്കുന്നതിനു പകരം നമ്മുടെ വിരൽ ആ വീടിന്റെ ചുമരിലെ ഒരു ബട്ടൺ ഞെക്കിയിരിക്കും! വൈദ്യുതി വന്നിട്ടും, വെളിച്ചത്തിനുവേണ്ടി,

പഴയ മണ്ണെണ്ണ വിളക്കിനെ ആശ്രയിക്കുന്നതു നന്നല്ല എന്നു പറയുന്നതു കാൽപ്പനികർക്ക് ഏറെ പ്രിയങ്കരമായ ആ 'ചെരാതി'നെ അവഹേളിക്കാൻ വേണ്ടിയല്ല. അതിനെ ഇപ്പോഴും വെളിച്ചത്തിന്റെ വിശുദ്ധസാന്നിധ്യമായി ആരാധിക്കാനുള്ള ആരുടെയെങ്കിലും അവകാശത്തെ വെല്ലുവിളിക്കാൻ വേണ്ടിയല്ല, മറിച്ച് പഴയ ശീലങ്ങളിൽ സ്തംഭിച്ചുപോകുന്നതിനു പകരം പൊതുവേദികളിലെങ്കിലും ആധുനിക സത്യങ്ങളെ പുതിയ ശീലങ്ങളായി പരിവർത്തിപ്പിക്കുകയാണ്, ഇന്നത്തെ മനുഷ്യരുടെ കർത്തവ്യം എന്നോർമിപ്പിക്കാനാണ്.

'താലപ്പൊലി'യെ നാളിതുവരെയായി ഒരു വലിയ വിഭാഗം മനുഷ്യർ, 'കേരളത്തനിമ'യുടെ ഭാഗമായാണു കൊണ്ടാടിയിരുന്നത്. സത്യത്തിൽ വളരെ സങ്കീർണമാണു 'തനിമ'. അതിനെ കഥകളിത്തലയും വെറ്റിലച്ചെല്ലവും താലപ്പൊലിയും മാത്രമായി ചുരുക്കാനാവില്ല! 'തനിമ' സത്യത്തിൽ 'ഉള്ളതും' ഉണ്ടായിക്കൊണ്ടിരിക്കുന്നതും തമ്മിലുള്ള ഒരു തുടർബന്ധമാണ്. നാട്ടുവാഴി പഴമയിലല്ല, 'കേരളപ്പൊതുമ'യിലാണ് അതിന്റെ വേരുകൾ തിരയേണ്ടത്. വ്യത്യസ്ത മലയാളി സമൂഹങ്ങളുടെ കൊടുക്കൽ വാങ്ങലുകളിൽ വച്ചാണ് അതു കണ്ടെടുക്കേണ്ടത്. എന്നാലിന്ന്, സവർണ ആചാരങ്ങളാണു കേരളത്തനിമയായി കൊണ്ടാടപ്പെടുന്നത്. ഒരുപക്ഷേ, 'പുട്ടടിക്കൽ' എന്ന മലയാളവാക്ക് ഇന്നത്തെപ്പോലെ നിന്ദാർഹമായി തീരാൻപോലും കാരണം, തലതിരിഞ്ഞുപോയ നമ്മുടെ 'തനിമാ' സങ്കൽപ്പമായിരിക്കണം. പുട്ടിനു സവർണര് 'കുമ്പംഉരി', 'കണ്ട്യപ്പം' തുടങ്ങിയ അർഥങ്ങളാണത്രേ മുമ്പു നൽകിയിരുന്നത്! ആ അർഥത്തില് നോക്കുമ്പോൾ, 'പുട്ടടിക്കൽ' പലരും കരുതുന്നതുപോലെ ആരാന്റെ പണംകൊണ്ട് 'പുട്ട്' എന്നതുപോലുള്ള നല്ല പലഹാരം തിന്നുന്നതല്ല, മറിച്ച് തിന്നാനാവാത്ത 'അത്' തന്നെ തിന്നുന്നതാണ്! വ്യത്യസ്ത വിധത്തിലുള്ള അവർണനിന്ദയാണ്, കേരളത്തനിമയെന്ന വ്യാജേന പലതരം ആചാരങ്ങളും അനുഷ്ഠാനങ്ങളുമായി ഇന്നും ആഘോഷിക്കപ്പെടുന്നത് അതിലൊന്നു മാത്രമാണു വിദ്യാലയങ്ങളിലെങ്കിലും, ഔദ്യോഗികമായി അവസാനിപ്പിക്കപ്പെട്ടിരിക്കുന്ന 'താലപ്പൊലി'!

നിഘണ്ടുക്കാരനായ ശ്രീകണ്ഠേശ്വരം, 'താലപ്പൊലി'യെ കേരളത്തനിമയുടെ 'തൊടുകുറി'യായി അവതരിപ്പിക്കുംവിധം ആത്മനിഷ്ഠതയിലേക്കു വഴുക്കുകയുണ്ടായില്ല. അതെന്താണെന്നു സത്യസന്ധമായി, അദ്ദേഹം ശബ്ദതാരാവലിയില് വിശദമാക്കിയിട്ടുണ്ട്. 'കേരളത്തിലെ ഒരാഘോഷം' എന്ന് ആദ്യം സാമാന്യമായി പറഞ്ഞശേഷം, അതിനെ അദ്ദേഹം സവിശേഷമായി ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു.

'അലംകൃതങ്ങളായ അനേകം ബാലികമാര് (സ്ത്രീകള്) ഒന്നുചേർന്ന് താലങ്ങളിൽ (പാത്രങ്ങളിൽ) അരി, പൂക്കുലപൂവ് ഇവയും കൊളുത്തിയ വിളക്കും വച്ച് അതിനെ കൈയിൽ പിടിച്ചുകൊണ്ടു കുരവയിട്ട് ആർപ്പുവിളിയോടും വാദ്യഘോഷത്തോടുംകൂടി ഭഗവതിക്ഷേത്രത്തെ ചുറ്റിവരുന്ന ചടങ്ങ്. ഭർത്താക്കന്മാരെ കിട്ടാൻ വേണ്ടിയാണു സ്ത്രീകള് ഈവിധമുള്ള ചടങ്ങ് നിർവഹിച്ചതെന്നും അദ്ദേഹം സൂചിപ്പിക്കുന്നു. ഇതൊരു സവർണ ആചാരമാണെന്ന സത്യം, ശ്രീകണ്ഠേശ്വരം ഒരുവിധേനയും മറച്ചുവയ്ക്കുന്നില്ല. എങ്കിൽപ്പിന്നെ ഉയർന്നുവരുന്ന പ്രധാന ചോദ്യം, ഒരു സവർണ മതചടങ്ങ് എങ്ങനെ കേരളത്തനിമയുടെ കുപ്പായമിട്ടു കാമ്പസിലും സർക്കാര് ചടങ്ങുകളിലും കയറിപ്പറ്റി എന്ന അസ്വാസ്ഥ്യജനകമായ ചോദ്യമാണ്.

'മാറുമറയ്ക്കാതെ താലപ്പൊലി എടുപ്പിച്ചു പ്രദർശനവസ്തുക്കളെയെന്നപോലെ നിരത്തിനിർത്തിക്കുക... കണ്ടാനന്ദിക്കാൻവേണ്ടി പുരോഹിതവർഗം പടച്ചുണ്ടാക്കി നടപ്പാക്കിയതാണ് ഈ വ്യവസ്ഥ' (കേരളചരിത്രം പരശുരാമനിലൂടെ തിരുവങ്ങാട്ട് സി. കൃഷ്ണക്കുറുപ്പ്). 'താലപ്പൊലി' അടിസ്ഥാനപരമായി സ്ത്രീവിരുദ്ധമാണ്. നഴ്സിംഗ് ജോലി സ്ത്രീകൾക്കെന്നപോലെ പുരുഷന്മാർക്കും ചേരുമെന്നും, പൈലറ്റാവാനും പട്ടാളമാവാനും പുരുഷന്മാരെപ്പോലെ സ്ത്രീകൾക്കും കഴിയുമെന്നും പ്രായോഗികമായി തെളിഞ്ഞുകഴിഞ്ഞ ഒരു കാലത്താണ് ഇന്നു നാം ജീവിക്കുന്നത്. അതുകൊണ്ടു സ്ത്രീ അതിഥികളെ വരവേൽക്കാന് ഒരു പുരുഷപ്പൊലി വേണമെന്നല്ല, മറിച്ച് മനുഷ്യരാരും വേഷംകെട്ടേണ്ടവരല്ല, ചരിത്രം സൃഷ്ടിക്കേണ്ടവരാണെന്നുമാണ് ഇവിടെ വിവക്ഷിക്കുന്നത്.

Courtesy: Mangalam Daily